


# ടൈപ്പ്റൈറ്റർ

## ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

## രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച് എസ്  മൊകേരി

सत्यमेव जयते

GOVERNMENT OF KERALA

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# മുഖമൊഴി

അക്ഷരങ്ങളിൽ നിന്നും മഷിപ്പടർപ്പ് നഷ്ടപ്പെടുമ്പോൾ
അനുഭൂതിയുടെ തീവ്രത കുറഞ്ഞുപോകുമോ

എന്നപേടിയുണ്ട്.......

ലാമിനേറ്റ് ചെയ്യപ്പെടുന്ന ഫോട്ടോകൾക്ക് ദീർഘനാളത്തം

കൈ വരുന്നതുപോലെ,

കയ്യെഴുത്തുപ്രതികൾ ഡിജിറ്റൽ ആകുമ്പോൾ

നവീകരിക്കപ്പെടലിന്റെ

കാലികപ്രസക്തി വർധിക്കുമെന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

മഷിപ്പാത്രവും പേനയും മാത്രം മുറുകെ പിടിച്ചിരിക്കാൻ

ഞങ്ങളും തയ്യാറല്ല......

ഈ "ടൈപ്പ്റൈറ്ററിലൂടെ" ഞങ്ങൾ ചേർത്ത് വെക്കാൻ

ശ്രമിക്കുന്നത് അക്ഷരങ്ങളുടെ

നിലയക്കാത്ത ശബ്ദമാണ്....

ഒരു പക്ഷേ....

നിങ്ങളെ അലോസരപ്പെടുത്തുന്ന

അതിന്റെ ശബ്ദസാന്നിധ്യമാണ്...

സ്വാഗതം

# ബട്ടണുകളിൽ തെളിയുന്നത്


സ്കൂൾ ചരിത്രം ........ 11

ഭൗതിക സൗകര്യങ്ങൾ ........ 12

ഒഴിഞ്ഞാൽ തിരിച്ചുകിട്ടില്ല സുഹൃത്തേ സൗഹൃദത്തിന്റെ മാധുര്യം (കഥ) ........ 13

A time to talk (poem) ........ 15

Nature (poem) ........ 16

മറയുന്ന മായാലോകം (കവിത) ........ 17

Smile (poem) ........ 18

For him (story) ........ 19

Mother (poem) ........ 20

My computer (poem) ........ 21

My Teacher (poem) ........ 22

ഓർമകൾ ഒരു വസന്തം (കവിത) ........ 23

മരണം (കവിത) ........ 24

Nature (poem) ........ 26

My Dreams (poem) ........ 27

യാത്രാമൊഴി (കവിത) ........ 28

യാത്രയിലെ അനുഭവം (അനുഭവക്കുറിപ്പ് ) ........ 29

Friendship (poem) ........ 32

Into the unknown (poem)........ 33

Life (poem)........ 35

A friend (poem)........ 36

Joy to the world (poem)........ 37

Tree (poem)........ 38

Nature is Everywhere(poem)........ 39

Pet (poem)........ 40

കഥയറിയാതെ (കഥ)........ 47

വിദൂരതയിലെ വൃദ്ധ മനസ്സ് (കഥ)........ 49

വേർപാട് (കവിത)........ 51

കവിതയും പോലീസും (കവിത)........ 53

# എഡിറ്റോറിയൽ ബോർഡ്

അർജ്ജുൻ .പി.വി
ലിന്യ . എസ്
അനുശ്രീ. കെ
അദീന. ഏ.കെ
ഹൃദ്യ. ടി.കെ
മാനസി ഭരത്വാജ്
കൃഷ്ണപ്രിയ.കെ.പി
ആദിത്യ ബാസ്ക്കർ
ജസ്വിൻ രാജ്



# സന്ദേശം



രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽകൈറ്റ്സ് ക്ലബ് ഒരുക്കുന്ന "ടൈപ്പ്റൈറ്റർ" എന്ന ഈ ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു. വിവരസാങ്കേതികവിദ്യയുടെ ചിറകിലേറി ഉയർന്നുപറക്കാൻ നിങ്ങൾക്ക് കഴിയട്ടെ.

-എ .കെ .പ്രേമദാസൻ,
പ്രിൻസിപ്പാൾ

# ആശംസ



ലിറ്റിൽകൈറ്റ്സ് ഒരുക്കുന്ന ഈ മാഗസിന് ആശംസകൾ നേരുന്നു.സാങ്കേതികതയും ഭാവനയും ഒത്തുചേരുന്ന ഈ സൃഷടി ഒരു അധ്യയന വർഷത്തിന്റ അടയാളപ്പെടുത്തൽ കൂടിയാവട്ടെ എന്ന് പ്രാർ ത്ഥിക്കുന്നു.

സി.പി.സുധീന്ദ്രൻ,
ഹെഡ് മാസ്റ്റർ.



PAVITHRAN .K
(KITE MASTER)



SHEEJA .V .P
(KITE MISTRESS)

# സ്കൂൾ ചരിത്രം



1993 ൽ,യശഃശരീരനായ ശ്രീ മഹീന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ രൂപീകരിച്ച വള്ള്യായി ചാരിറ്റബിൾ എഡ്യൂക്കേഷൻസൊസൈറ്റിയുടെ ശ്രമഫലമാണ് രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ. 1995 ജൂൺ 26 ന് മുത്താറിപ്പീടികയിലെ ഒരു വാടക കെട്ടിടത്തിലായിരുന്നു സ്കൂൾ ആരംഭിച്ചത്.1995 ൽ 55 വിദ്യാർത്ഥികളും രണ്ട് ഡിവിഷനുകളുമായി വിദ്യാലയം ആരംഭിച്ചു.ആരംഭ കാലത്ത് തന്നെ കാലത്ത് 9 മണി മുതൽ ക്ലാസ്സുകൾ ആരംഭിക്കുകയും രണ്ടാം ശനിയാഴ്ച്ച ഒഴികെയുള്ള ശനിയാഴ്ച്ചകളിൽ ഉച്ചവരെയും സ്കൂൾ പ്രവർത്തിച്ചു വന്നു.ആ പതിവ് കഴിഞ്ഞ 23 വർഷവും തുടരുന്നു. 1995 ൽ തുടങ്ങി തുടർന്ന വരുന്ന എല്ലാ വർഷവും സ്കൂളുകളിൽ കുട്ടികളുടെ എണ്ണവും ഡിവിഷനുകളും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു .2012-13 ലാണ് സ്കൂളിൽ ഹയർസെക്കന്ററി ബ്ലോക്ക് അനുവദിച്ചത്.സയൻസ്, കമ്പ്യൂട്ടർ സയൻസ്,കോമേഴ്സ് എന്നീ ബാച്ചുകളാണ് ഹയർസെക്കന്ററി യിൽ നിലവിലുള്ളത്.ഇന്ന് ഹൈസ്കൂളിൽ 98 അദ്ധ്യാപകരുടെയും 7 അനദ്ധ്യാപകരുടെയും ,ഹയർ സെക്കന്ററിയിൽ 16 അദ്ധ്യാപകരുടെയും 2 അനദ്ധ്യാപകരുടെയും ,3900 ൽ പരം വിദ്ധ്യാർത്ഥികളുടെയും സമ്പുഷ്ടകൂട്ടായ്മ യിലേക്ക് വളർന്നത് അദ്ധ്യാപക,പി.ടി.എ,മേനേജ്മെന്റ് എന്നിവരുടെ ഗുണപരമായ ഇച്ഛാശക്തിയാലാണ്. 1995 മുതൽ 12 വർഷത്തോളം കൃഷ്ണൻ മാസ്റ്ററായിരുന്നു സ്കൂളിലെ ഹെഡ് മാസ്റ്റർ.ഇപ്പോഴത്തെ ഹെഡ് മാസ്റ്റർ സി.പി.സുധീന്ദ്രൻ ,പ്രിൻസിപ്പാൾ എ.കെ.പ്രേമദാസൻ , സ്റ്റാഫ് സെക്രട്ടറി രാജീവ്.പി,പി.ടി.എ. പ്രസിഡണ്ട് സജീവൻ മാസ്റ്റർ

# ഭൗതികസൗകര്യങ്ങൾ

നാലു ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.. ഹൈസ്കൂളിന് 6 കെട്ടിടങ്ങളിലായി 70 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.മൂന്നു കമ്പ്യൂട്ടർ ലാബുകളിലുമായി ഏകദേശം അമ്പത് കമ്പ്യൂട്ടറുകളുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.നാലായിരത്തോളം പുസ്തകങ്ങളും,ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൾകൊള്ളുന്ന ഒരു ലൈബ്രറി സ്കൂളിനുണ്ട്. വിവരസാങ്കേതിക വിദ്യയുടെ നൂതനവശങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കാൻ ഉതകുന്ന രീതിയിൽ തയ്യാറാക്കിയ ആധുനിക ലാബ് സ്കൂളിലുണ്ട്, എല്ലാ ക്ലാസുകളും മികച്ച ഓഡിയോ സിസ്റ്റത്താൽ ബന്ധിതമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണംയജ്ഞത്തിന്റെ ഭാഗമായി മുഴുവൻ ക്ലാസ് മുറികളും ഹൈടെക്ക് നിലവാരത്തിലേക്കുയർന്നു കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കാനായി സ്കൂളിന്റെ പരിസര പ്രദേശത്തേയ്ക്ക് ഏഴ് ബസ്സുകൾ സർവ്വീസ് നടത്തുന്നു.ഈ കാലത്ത് അതി നൂതനമായ ദൃശ്യ,വർണ്ണ,സംഗീത പ്രപഞ്ചം കണ്ടും കേട്ടും അനുഭവിച്ചും പരിചയിച്ച കുട്ടികൾക്ക് മുന്നിൽ അഥവാ ഹൈടെക്ക് സെൻസറി സ്റ്റിമുലേഷൻ ലഭിച്ച കുട്ടികൾക്ക് മുന്നിൽ ബ്ലാക്ക്ബോഡും,ചോക്കും മാത്രം ആയുധമാക്കി വരുന്ന അദ്ധ്യാപകർ തീർത്തും നിരായുധരാണ്.പഴയ കാലങ്ങളിൽ ഒരു മരച്ചുവട്ടിൽ മികച്ച വിദ്യാലയങ്ങളുണ്ടാക്കാനായിട്ടുണ്ടാകാം. പുതിയ കാലത്ത് മികച്ച കെട്ടിടത്തിൽ സാധാരണ വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ടാകാം. എന്നാൽ നമുക്ക് വേണ്ടത് മികച്ച സൗകര്യങ്ങളോടെയുള്ള മികച്ച വിദ്യാലയങ്ങളാണ്. അതിനുള്ള പരിശ്രമം എറെ കുറെ വിജയത്തിലെത്തിയ സംതൃപ്തി ഞങ്ങൾക്കുണ്ട്. പാഠ്യപാഠ്യേതര രംഗങ്ങളിൽ കേരളത്തിലെ മികവുറ്റ മറ്റ് വിദ്യാലയങ്ങളോട് ഞങ്ങളിന്ന് തോളോട് തോൾ ചേർന്ന് നിൽക്കുന്നു.ൊ

*****************************************************

# ഒഴിഞ്ഞാൽ തിരിച്ചുകിട്ടില്ല സുഹൃത്തേ സൗഹൃദത്തിന്റെ മാധുര്യം

ഇപ്പോൾ അനു ഹൈസ്ക്കുളിലാണ് പഠിക്കുന്നത്. ഇന്ന് അവളുടെ മനസ്സിന്റെ ശേഷിയും വർ ദ്ധിച്ചുകാണും. അന്നെന്റെ നെഞ്ചിൽ തലചായിച്ച് വിങ്ങലോടെ, വെമ്പലോടെ ഏങ്ങലടിച്ച് കരഞ്ഞത് ഇന്നും ഞാനോർക്കുന്നു "ചേച്ചി എല്ലാം പോയി ചേച്ചി. ഞാൻ തനിച്ചാണുചേച്ചി."അവളുടെ ഈ വാക്കുക്കൾ ഇന്നും കാതോരം ഉണ്ട് . എന്റെ അനുജത്തി മാത്രമായിരുന്നില്ല ,അവൾ നല്ല ഒരു ചങ്ങായി കൂടിയായിരുന്നു. എങ്കിലും അവൾ പലതും എന്നോട് പറയാറില്ല. എന്റെ നെഞ്ചോരം ചേർന്ന് അവൾ കരഞ്ഞപ്പോൾ പല വേദനകളും യാതനകളും അവളുടെ കണ്ണീരിൽ ലയിച്ചിട്ടുണ്ടെന്ന് എനിക്ക് മനസ്സിലായെങ്കിലും ആ കണ്ണീരിനുള്ളിലെ തേൻമധുരമായ പ്രതലത്തിൽ ആഞ്ഞടിച്ച കാറ്റിൽ എവിടെ നിന്നോ വന്നു തറിച്ചു ചെറു മൊട്ടുസൂചി എങ്ങനെ ആത്തരത്തിൽ വ്രണങ്ങൾ ഉണ്ടായിരുന്നു എന്നെനിക്കറിയില്ല. എന്തോ? അവൾ ഞാനുമായി പിന്നൊന്നും പങ്കുവയ്ക്കാറില്ല. താമരപോലെ വിടർന്ന് മുല്ലപോലെ സുഗന്ധം പരത്തി തുമ്പ പോലെ ആർക്കും ഉപദ്രവമാകാതെ നിന്നിരുന്ന മന്ദാരമായിരുന്നു അവൾ. അവളുടെ ജീവിതത്തിൽ അവൾ അവളെക്കാളും പ്രധാന്യം നൽകിയിരുന്നത് അവളുടെ ചങ്ങാതിമാർക്കായിരുന്നു. ഒരു വഴി പ്രശംസ മറുമൊഴി മറ്റുള്ളവരിൽ നിന്നുമുള്ള ഒറ്റപ്പെടൽ. സഹിച്ച് സഹിച്ച് താങ്ങാനാവില്ല എന്നു കണ്ടപ്പോൾ അവൾ എല്ലാം എന്നോടു പറഞ്ഞതായിരിക്കും. അവളുടെ ചില കൂട്ടുകാർ അവളിൽ നിന്നും മാറിനിൽകുന്നുപോലും.



ഏഴ് വർഷം ഉറ്റചങ്ങാതിമാരായിരുന്ന പലരും അവളിൽ നിന്നും ഇത്തരത്തിൽ അകന്നിരുന്നപ്പോൾ പുഞ്ചിരി കരച്ചിലിലേക്ക് തെല്ലു പോലും വഴുതി വീഴുന്നുണ്ടായിരുന്നില്ല. കാരണം മറ്റൊന്നുമായിരുന്നില്ല അവളുടെ മനസ്സിൽ ഇടം പടിക്കാൻ അങ്ങനെ പെട്ടെന്നാർക്കും സാധിക്കില്ല ഏവരുടെയും മനം കിഴടക്കൻ അവൾക്ക് നിഷപ്രയാസം സാധിക്കും. അവളുടെ മനസ്സിൽ പതിഞ്ഞ മുഖം അത് ആരുമാകട്ടെ ആ മുഖം മായുകയാണെന്ന് തോന്നിയാൽ അത് അവളക്ക് സഹിക്കാൻ സാധിക്കില്ല. അത്രയും പരിശുദ്ധമനസ്സായിരുന്ന അവളുടെത്. അവളിൽ നിന്നും എകാന്തത തേടിവന്നവർ അവളിൽ നിന്നും നിറമണിഞ്ഞ ഒരുപ്പാട് സന്തോഷങ്ങൾ ഏറ്റുവാങ്ങിയവരാണ്. അവളുടെ മനസ്സിനെ പിടിച്ചുനിർത്തുവാൻ ചില ഘട്ടങ്ങളിൽ അവൾക്കുപ്രയാസംതന്നെയാണ് അന്നവളെ ഒഴിവാക്കി തീരാക്കുടുക്കിൽ അകപ്പെട്ട അവളുടെ ചങ്ങാതിമാർ ഇന്നും പലകാര്യത്തിനാൽ വെന്തുരുകുന്നു, വൃദ്ധി തേടാതെ ക്ഷയിച്ചുകൊണ്ടിരിക്കുന്നു ഒരു പക്ഷെ കാലം അവരെ പരിക്ഷിക്കുന്നതാവാം ആ പരിക്ഷണത്തിൽ അവർ വിജയം കൈവരികാനാണ് ഇന്നും അവളാഗ്രഹിക്കുന്നത് നിറഞ്ഞ കണ്ണുകളോടെ, മനസ്സോടെ

ഏവരോടും പറയാനൊന്നുമാത്രം മനസ്സിൽ നിങ്ങളോടുള്ള സ്നേഹം മാത്രം കാത്തുസൂക്ഷിക്കുന്ന നിങ്ങളുടെ ചങ്ങാതിമാരെ വേദനിപ്പിക്കരുതൊരിക്കലും

- Ahanya.C

# A TIME TO TALK



When a friend call to me
from the road
And slows his horse to
a meaning walk,
I don’t stand still
and look around
on all the hills I
haven’t heard,
And shout from where I
am,
what is it?
No not as there is a
time to talk
I throw it my hoe in the
mellow ground,
Blade_ end up and
five feet tall,
And plod; I go up to
the stone wall
for a friendly visit..............

-Devapriya

# NATURE

Nature is everywhere
nature is everywhere you go
everything that lives and grows
is nature
animals big and small
nature is plants that grows so tall
wonderful, exciting
and needs our care
so listen, learn and do your part to
keep nature
'Beautiful forever'

-HRIDYA .T .K



# മറയുന്ന മായാലോകം

ജീവന്റെ മധുപാത്രമാം എന്റെ
ജീവിത സ്വരലോകമാനസം നിറയുന്നുവോ?



അകലെ അകലെ എങ്ങോ
മായുന്ന ചിലനൊമ്പരങ്ങള്ക്ക
ചരടായ് മുറുകുന്ന വേദനകള്,
നീ ഉണര്ത്തുന്നുവോ
ഈ നിദ്രസുഖത്തില് നിന്ന്
എവിടെയെന്നില്ലാതെ മറയ്കുന്നിതാ
കടലിന്റെ ആഴങ്ങളില് നിന്ന്
ഉയരുന്ന ചില തീരായാതനകള്
മനസ്സിന്റെ മായാസ്വപ്ന ജാലകത്തില്
നിന്ന് മാഞ്ഞുപോകുന്നുവോ?
എവിടെ മറഞ്ഞാലും ദു:ഖ
സ്വരത്തിന് മാറ്റമില്ലാത്തതെന്തെ,
എവിടെ എന്നില്ലാതെ മായുന്നിതാ
ഞാന് മറ്റേതോ കാണാത്ത
ലോകം തേടി..........

–ആദിത്യ & അനശ്രീ

# SMILE

A smile is a quite a funny thing
it wrinkles up your face
and when it's gone
you will never find
its secret hiding place
but for more and wonderful is
to see what smiles can do
you smile at once
he smile at you
and so one smiles
makes two...

-ALONA PRATHUL



# FOR HIM

I saw her. I saw her with my filled eyes. I looked into her eyes....they were not filled with tears.   They were like two bombs. I feared a blast. But she walked with long steps. without even glancing at me

She was not like this!  papa's pet girl. Each hug was treasure for us. Each smile was sun rays. Still remember how she waited for my arrival with a chocolate in my hands. Papa was her everything.
But when things changed?
Was it a natural change when she grew up? or was it when her mind was filled with the thoughts of a playmate? Did he conquered her mind?
This papa don't know anything....Anything.
But on an unlucky day, i couldn't show patience, "I will kill him", shouted towards her large blue eyes
After two days, his dead body floated over the water.
All pointed their fingers to
"You! You made her a widow.'' people spot on the floor
"widow?'' I was shocked. "what else? They have got married man,'' they shouted
my God ! I can't recall what had happen afterwards.
Shouting, yelling, screaming, blaming.....
all I heard with bowed head. Now, I feel relieved in the hands of the police. Handcuffs made me safe. 'My pretty,'I called her sobbing. 'No,' her words came out with a raised hand, 'No.......' I looked into her eyes again. Yes they are filled with tears. Tears of courage.
She walked with raised head with her new papa
near her new mother
to look after them
FOR HIM........

-LINYA

# ***MOTHER***



Bearing pain she gives the birth.
To bring the life on this on this earth.
She does so much as mother.
Rarely done by any other.
Her blessing fall down as rain,
None can match it in terms of gain.
The heaviest burden the god has lifted.
By sending mother the best it gifted.

-KARTHIK

# MY COMPUTER



*My Computer has a language*
*That is foreign to me*
*It speaks of RAM and Gigabytes*
*And what could ROM be!*

*I Don't understand the windows*
*My computer say are there*
*Nor the gem clip at the side of*
*my page*
*With eyes that blink and share!*

*I don't understand the cures*
*That maintenance wizards to*
*It is called defragmenter, spam disk,*
*And virus cleaning too!*

*Yet, Computer and I work hand and eye*
*With a move to translate*
*The tasks that i want its to do*
*While it point out my mistakes!*

*-JESWIN RAJ*

# MY TEACHER



I have a teacher
Who support me
In fail
She encouraged
Me to fly high
In the sky
Of the dream...
The bold and grow
She make
Meaning to my life
She is the real hero

Sreenanda A P

# ഓർമ്മകൾ ഒരു വസന്തം




കുളിർ മഴ പെയ്യുന്ന പുലർക്കാലവേളയിൽ
പുതുമണ്ണിൻ വസന്തം മനമാകെനിറയുന്നു
ഓർമ്മകൾ വന്നെന്നെ തൊട്ടുവിളിക്കുന്നു
ഓളങ്ങളെപ്പോലെ തൊട്ടുവിളിക്കുന്നു

ആദ്യാനുരാഗത്തിൻ അനവദ്യവേളയിൽ
ഇണക്കിളിയെങ്ങോ പോയമറഞ്ഞു
എന്നിണക്കിളിയെങ്ങോ പോയമറഞ്ഞു...
മിഴിരണ്ടും നിറഞ്ഞു ഞാൻ ഏകനായി
എന്റെ മിഴിനീർ തുടക്കുവാൻ വന്നിടുമോ
ഒരു വട്ടം കൂടിയെന്നരികില്
കനിവിന്റെ നിറകുടമായിരുന്നു അവൾ
അഴകോലും പെൺമണിയായിരുന്നു ........
അവൾ പാൽപുഞ്ചിരി പൊഴിക്കുമ്പോൾ
എന്നുള്ളിൽ വെണ്ണിലാവ് പരന്നിരുന്നു..........
വിട പറഞ്ഞങ്ങു പോയതല്ലെ...
വിരഹ വേദന തന്നതല്ലേ....

ഇനിയുള്ള ജന്മങ്ങൾ ഒന്നുചേരാനായി
ഈ ജന്മം ഏകനായ് തപസ്സിരിക്കാം
ഞാൻ ഈ ജന്മം ഏകനായ് തപമിരിക്കാം.................

- അഭിഷേക്.കെ

# മരണം



ഉമ്മറത്തൊരു കോണിലാവതില്ലാതെ ഞാൻ,

തിണ്ണമേൽ ചായുവാൻ വെമ്പി നിൽക്കെ,

ചാരെയായുള്ളൊരു ജാലകത്തിൽ ചില്ല

ചാഞ്ഞടഞ്ഞങ്ങനെ വിറച്ചു നിൽക്കേ

തെറ്റെന്നു വീശിയ തെന്നലിൻ കൈയുകൾ

മുറ്റത്തെ വെട്ടം കെടുത്ത നേരം

ഏറെയായ് വന്നോരോ നൊമ്പരചിന്തുകൾ

ചാരത്തിൻ നെഞ്ചകത്തഗ്നി പോലെ

ഉമ്മഗക്കോലായും ചാവടിയും പിന്നെ

തെക്കിനെയും എൻ പടിഞ്ഞാറ്റെയും

കണ്ണിമചിമ്മി, കരയാതെ തോരാതെ

വിണ്ണിലേയ്ക്കൻപൊട്ടു നോക്കി നിന്നു

കെട്ടുപൊയെൻ ദീപം ഏന്തി വലിഞ്ഞു ഞാൻ

ഒറ്റക്കൈയാലെ കവർന്നങ്ങനെ

പ്രാഞ്ചിയിടറി വിറച്ചു കയറിയെൻ

ദേവനു മുന്നിൽ പകർന്നു നിന്നു

അന്നേരമെന്തിനോ തേങ്ങിപ്പോയിയെൻ മനം

മേഘം കനത്തൊരു മാനം കണക്കേ

ഇനിയില്ല യാത്ര ഇനിയില്ല കണ്ണീർ

ഇനിയില്ല വേറൊരു പാഥേയവും

തെല്ലിട ഞാനൊന്നിരിക്കട്ടെയെൻ യെൻ പ്രിയൻ

പല്ലക്കിലേറിയണയും വരെ

പോകുവാനുണ്ടെനിക്കാമണിത്തേരേറി

അനാദി മധ്യാന്ത രമ്യയാത്ര!

-ലിന്യ.എസ്

# NATURE

The name nature which never lie
The name nature which never cry
Nature is the beauty of god
Our mother is our nature
There is something marvellous thing in our nature
We may utilise the gift of nature
Every flower is soul blossing in nature
We study nature and love nature

- CHANCHAL




# MY DREAMS

I Have A Dream To See This Earth
In All The Beauty And AS God's
Beautiful Creations
I Have A Dream To See The
Butterflies Creations
I Have A Dream To See
The Butterflies Which Flutter
And The River Which Flows
To Feel Its Rustling Sound
I Have A Dream To See The Mountains
In Its Beauty And The Whole Nature
In Full Greenary

I Know That I Can't see This
But I Have The Dream
In My Heart
Let Us Make Our Dream Come
True And Let Us
Care For What
Cares For Us

***ABHINAV.B.S***

# യാത്രാമൊഴി



കലാലയ ജീവിതം തീരുന്നുവെങ്കിലും
തീരുന്നതില്ലിതെൻ മാനസഹർഷം
പിരിയുന്ന വേളതൻ പുലർക്കാലമായപ്പോൾ
പുലരിയിൽ വിരിയുന്ന സ്നേഹഗാനം
അറിയുന്നു, ഏറെ വൈകിയാണെങ്കിലും
എൻ മനസ്സിന്റെ നൊമ്പരത്തെ
കളിച്ചും രസിച്ചുമെൻ നിമിഷങ്ങൾ
ആവോളമനുഭവിച്ചീടുവാൻ കഴിയാതെ,
അവസാന നിമിഷവും പൊഴിയുന്നിതാ
തുളുമ്പുന്ന അക്ഷരദീപ്തിയോടെ
മറക്കാൻ പലവുരു പറഞ്ഞിടിലും
ത്തഫലം എത്രയോ അകലെയാണ്

അശ്വതി ചന്ദ്രൻ

# യാത്രയിലെ അനുഭവം

യാത്രകൾ എന്നും എനിക്കൊരു ഉന്മാദമായിരുന്നു. തൃഷ്ണകൾ പൂക്കുന്ന കാടുകളിലൂടെ, എല്ലാം മറക്കാന് സഹായിക്കുന്ന . ഹരിതാഭമായ താഴ്വാരത്തിലൂടെ , ദു:ഖം ഉരുകുന്ന കടൽ തീരത്തുകൂടെ എല്ലാം എന്റെ യാത്ര നീളാറുണ്ട്.പതിവ്യ പോലെ അന്നും ഞാൻ ഒരു യാത്രയുടെ ലഹരിയിലായിരുന്നു കല്ലുകൾ നിറഞ്ഞ, നടക്കാൻ നന്നേ ക്ലേശമുള്ള ഒരു ഊടുവഴിലൂടെ നടക്കുമ്പോൾ മധുരമായ ഒരു ഗാനം എന്റെ വിണ്ടു കീറിയ പാദങ്ങളെ നിശ്ചലമാക്കി. ദൂരെ കാണുന്ന ഒരു കൊച്ചു കുടിലിൽ നിന്നായുരുന്നു ആ ഗാനം. ഞാനറിയാതെ എന്റെ കാലുകൾ അവിടേക്ക് ചലിച്ചു അവിടെ ഇരുന്ന് ഒരു പെൺ കൊടി എല്ലാം മറന്ന് പാടുന്നു . ഹൃദയം സൂചിമുനമ്പിൽ നിശ്ചലം ലയിച്ചു പോകുന്ന ഗാനം പാടുമ്പോൾ ആ പെൺ കിടാവിന്റെ കണ്ണിൽ നിന്നും ധാരധാരയായി കണ്ണുനീർ പൊഴിയുന്നു . അത് കണ്ടപ്പോൾ എന്റെ മനസ്സ് തേങ്ങി. ഞാനാ പെൺ കൊടിയോട് ആകാംഷയോടെ പേരന്വേഷിച്ചു .

അവൾ വിതുമ്പി !

"ശിവകാമി"

‘‘ശിവകാമി എന്തിനാ കരയുന്നേ ?

"വിശക്കുന്നു" .



അവൾ ദൈന്യതയോടെ മൊഴിഞ്ഞു പിന്നെ പതുക്കെ ചോദിച്ചു ശിവകാമിയുടെ അച്ഛനും അമ്മയും എവിടെ? ശിവകാമി എന്റെ മുഖത്തു തന്നെ നോക്കി പതുക്കെ പറഞ്ഞു .അച്ഛനില്ല. അമ്മ രാവിലെ പോയതാണ് കാണാനില്ല.

അമ്മ എവിടെയാണ് പോയത് ?

അമ്മ ചുമടെടുക്കാൻ പോയതാ. എന്റെ മന്നിൽ പതുക്കെ ഒരു ചിത്രം തെളിഞ്ഞു വന്നു . അതെ ജീവിതച്ചൂടിന്റെ മറ്റൊരു ആവർത്തനം .

-ഹൃദുനന്ദ ബൈജേഷ്

# നാൾവഴികളിലൂടെ...


RAJEEV GANDHI MEMORIAL HIGHER SECONDARY SCHOOL MOKERI
S S L C MARCH-2019-FULL A+ 36/44




2019/9/21 11:16









# FRIENDSHIP



A time friend is hard to find...
Is always a mind...
Is one of a kind...
A true friend is someone like... you!
It’s wonderful to have you in
My world...!

-DEVIKA.K

# INTO THE UNKNOWN



I Can Hear You But I But Won't

Some Look For Trouble

While Others Don't

There Is A Thousand Reasons

I Should Go About My Day

And Ignore Your Whispers

Which I Wish Would Go Away

Oh...Oh...

Ah..Ah..Ah

Oh...Oh...

You're Not A Voice

You  Are Just A Ringing In My Ear

And  If I Heard You (which I don't)

I Am Spoken For I Fear

Everyone I Ever Loved Is Within These Walls

I Am Sorry Secret Siren But I Am Blocking

Out Your Calls

**PARVANA SREEDHARAN**

# LIFE

Our Life Is A Mystery
Open That Book
And See What Is Inside
Little Happiness
And Little Sorrow
Life Is Full Of Mysteries
Day By Day
Life Is Going
Travelling Far From Us
Can't Bring It Back
Contain Many Secrets
Happiness Like Pearls
And Sorrows Like Fireballs
Touching Our Hearts
Life Is Indeed A Great
Gift From God!
Can't Be Wasted
Open It And See What
Is Inside!!!

**Abinav.B.S**

# A FRIEND




Friend is someone
who loves you
its hard to find
for a loveable friend
sometimes your enemy
is now your friend,
friends help in wanted time
they stands with you forever

if you love
your loveable friend at once
you lost her totally
and you realize how you
loved your friend.

-NIVEDHYA. S

# Joy to the world




Joy to the world the lord is come
Let earth receive her king
Let every heart prepare their lead
And heaven nature sing and heaven nature sing and heaven and heaven nature sing
Joy to the world the lord
is come..............

- DEVNA.P

# TREE

I am
a tree who
reaches out to you
with love i will share
my branches of tenderness
i am a tree which extends
water me in tender care
as i stand by your side
extending my heart always

-ABHIRAMI



# Nature is everywhere



Nature is everywhere
Nature is everywhere you go
Everything that lives and grows
Is nature
Animals big and small
Nature is plants that grows so tall
Wonderful, Exciting
And needs our care
So listen, learn and do your part to keep Nature
'Beautiful forever'

-Sneha

# PET



Pet is our good friend
Our pet loves me very much
Pet save from our enemies
Pets like dog ,cat,rabbit
Are very cute
Pets are very thank to you
Trained pets are
Very smart
So i like to see
Pets are my best friends

-SIVANANDA.K

# ഇംഗ്ലീഷ് ക്ലബ്ബിന്റെ ഷോർട്ട് ഫിലിം

## "THE SCHOLARSHIP JACKET"













# ഓണാഘോഷം









# രക്തദാനം മഹാദാനം


രാജീവ് ഗാന്ധി മെമ്മോറിയൽ
ഹയർസെക്കന്ററി സ്കൂൾ,മൊകേരി
സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെയും NSS യൂണിറ്റിന്റെയും
സ്റ്റുഡന്റ് പോലീസ് കേഡറ്റ്
'പത്താം വാർഷികം-പത്ത് ലക്ഷ്യങ്ങൾ'
'രക്തം ദാനം നൽകുന്നത് ജീവദാനം നൽകുന്നതിന് തുല്യം'
എന്ന സന്ദേശം ഉയർത്തിപ്പിടിച്ച്
ജീവധാര
രക്തദാന ക്യാമ്പയിൻ
2019 സെപ്തംബർ 29 ഞായറാഴ്ച രാവിലെ 9.30ന്
രാവിലെ 9.30.ന്
തലശ്ശേരി മലബാർ കാൻസർ
രക്തദാനം
ഉദ്ഘാടനം: ശ്രീജിത്ത് .ടി .പി
(പാനൂർ പോലീസ് ഇൻസ്പെക്ടർ)

# ഫുഡ് ഫെസ്റ്റ്



# SEED-2019

# VISHISHTA HARITHA VIDYALAYAM



# ജാസി ഗിഫ്റ്റ് അവതരിപ്പിക്കുന്ന നിഴൽക്കൂത്തും പാട്ടും



# കഥയറിയാതെ..



പകൽ മായുകയാണ് ബോര്ഡിംഗ് സ്ക്രൂളിലെ മുല്ല വള്ളികള്ക്കിടയിലുള്ള സിമന്റ് ബെഞ്ചിൽ നിഷീമ തനിച്ചിരുന്നു അവളെ നോക്കി അവള്ക്കു ചുറ്റും മിണ്ടാത്ത ചലിക്കാത്ത അനേകം കളിപ്പാട്ടങ്ങൾ നിരന്നിരുന്നു. നിഷീമ അവയൊന്നും ശ്രദ്ധിച്ചില്ല അവള്ക്കു അവയൊക്കെ എന്നേ മടുത്തിരുന്നു. കറുത്ത നൈലോൺ നൂലുകൾ കൊണ്ട് തുന്നിച്ചേര്ത്ത മീശയുള്ള ഒരു പാവയെ നിഷീമ കൈയിലെടുത്തു എന്നിട്ട് അതിന്റെ മുഖത്തേയ്ക്കു നിഷ്കളങ്കമായി നോക്കിയവള് പറഞ്ഞു ."പപ്പയെന്താ എന്നെ കൊണ്ട് പോകാന് വരാത്തെ പാവക്കുട്ടീ ,ബിന്ദൂം,രാജിലേം ശ്യമിലും വിഷ്ണുവും ഒക്കെ ക്രിസ്തുമസ് അവധിക്കു വീട്ടിലേക്കു പോയി. എന്നെ മാത്രം ആരും കൊണ്ട് പോവാനില്ല . പപ്പയ്ക്കും മമ്മിയ്ക്കും ന്നെ വേണ്ടേ..... അവളുടെ ഒച്ചയിടരിതുടങ്ങി ഹും ആരെയും ആര്ക്കും വേണ്ട കുട്ടീ ഈ മനുഷ്യരെല്ലാം ഞങ്ങളെ പ്പോലെ പവകല മിടിക്കുന്ന ഹൃദയമുള്ള പാവകള് ആരോടും സ്നേഹമില്ലാത്ത ജീവിക്കാന് വേണ്ടി എന്ത് കോപ്രായവും കാട്ടുന്ന ആരെയും ചതിക്കുന്ന അരുടെയൃ ഞാണിന്മേല് കളിക്കുന്ന പാവകൾ. നിഷീമയുടെ ചോദ്യത്തിന് ആ മീശക്കാരന് പാവ ഇങ്ങനെ ഉത്തരം നല്കി നിഷീമ തന്റെ കണ്ണില് നിന്നും അടര്ന്നു വീണ നീര്മുത്തുകള് തുടച്ചു മാറ്റി പിന്നെയവള് പാവയോട് പറഞ്ഞു അവര്ക്കെന്നെ വേണ്ടെങ്കിലും എനിക്കവരെ വേണം അവരെവിടെയാ ഉള്ളെന്നു വച്ചാല് എനിക്കങ്ങോട്ട് പോകണം ഒരു പെണ്പാവ അവളുടെ അഭിപ്രായം സരിവെച്ചു നിഷീമ മറ്റൊന്നും ചിന്തിച്ചില്ല ചുറ്റും ഒന്ന് നോക്കി ക്ലാര സിസ്റ്ററും അന്നാമ്മ സിസ്റ്ററും സംസാരിക്കുകയാണ് അതിനാല് അവരെ കണ്ണ് വെട്ടിക്കുന്നത് എളുപ്പം തന്നെ. എന്നാലും ആ ഗേറ്റിനു കാവല്ക്കാരന്റെ കണ്ണ് എങ്ങനെ വെട്ടിക്കും. വരുന്നത്

വരട്ടെ. അവള് മുന്പോട്ടു നടന്നു. അതാ.... ഗേറ്റിനു കാവല്ക്കാരനില്ല . ആരോ അവള്ക്കായി ആ ഗേറ്റിന്റെ വാതിലുകള് മലര്ക്കെ

തുറന്നിട്ടിരിക്കുന്നു നഗര ഹൃദയത്തിലേക്കുള്ള ആ വാതിലിലൂടെ അവള് പുറത്തേയ്ക്ക് നടന്നു. അങ്ങനെ എത്ര ദൂരം താൻ നടന്നു വന്നു കൊച്ചു നിശ്ചയമില്ല .അവളുടെ കുഞ്ഞു പാദങ്ങള് നന്നേ വേദനിച്ചു .നേരം ഇരുട്ടിയിരിക്കുന്നു .തന്നെ നോക്കി കണ്ണുരുട്ടുന്ന വഴിവിളക്കിനെ അവൾ ഭയത്തോടെ നോക്കി ഇനിയെങ്ങോട്ട് പോവണം പപ്പയും മമ്മിയും എവിടെ ? അവളുടെ മനസ്സിലൂടെ ഒരായിരം ചോദ്യങ്ങൾ ഓടി മറഞ്ഞു ഏതോ ഞാണിന്മേൽ കളിക്കാരന്റെ ഞാണിൽ നിന്നാടുന്ന ആയിരം മനുഷ്യകളിപ്പട്ടങ്ങള്ക്കിടയിൽ നിശ്ചലയായി അവൾ നിന്ന്. തെല്ലുകലയല്ലാതെ തന്നെയോര്ത്ത് വിലപിക്കുന്ന കളിപ്പാട്ടങ്ങളെ അവൾ അപ്പോൾ ഓര്ത്തില്ല ആ മനുഷ്യക്കളിപ്പട്ടങ്ങള്ക്കിടയിൽ അവൾ അവയെ മറന്നു പോയിരിക്കാം

-കൃഷ്ണപ്രിയ.കെ.പി

# വിദൂരതയിലെ വൃദ്ധ മനസ്സ്



നനഞ്ഞ മിഴികൾ തുറന്നു മുറിയിലെ ജനല് പഴുതിലൂടെ  അവൾ വിദൂരതയിലേക്ക് കണ്ണയച്ചു .ചില്ലുകൾക്കിടയിൽ നിന്നും ഒരു മങ്ങിയ വെളിച്ചം തെളിഞ്ഞു വന്നത് അവൾ കണ്ടിരുന്നു.ഒരുനിമിഷം അവസാനമില്ലാത്ത സമുദ്രംപോല് ആ കണ്ണുകൾ ഈറനണിഞ്ഞു .അവളുടെ ചിന്തകൾ നേരെ തിരിഞ്ഞു. ബാല്യത്തിൽ തുടങ്ങിയ യൗവനത്തിലേക്ക് അവൾ കണ്ണോടിച്ചു .വൃദ്ധയുടെ മനസ്സിൽ ഇന്നും പല ആഗ്രഹങ്ങളും ബാക്കിയായി കിടപ്പുണ്ട് .ബാല്യകാലം സുഖകരമായ ഓർമ്മകളാണ് അവള്ക്ക് സമ്മാനിച്ചത് .യൗവ്വന കാലശേഷം താന് എന്തായിരുന്നു... അവൾ ഒരു ദീർഘനിശ്വാസത്തോടെ പണി ചെയ്തു തീര്ക്കാന് തുടങ്ങി. വിവാഹശേഷം താന് ചിരിച്ച നാളുകൾ ഉണ്ടോ?ചെറുപ്പംതൊട്ടേ ഒരാളല്ലേ ഉള്ളു എന്നു കരുതി തൻെറ മകനെ ഒരു കുറവുമില്ലാതെ  വളർത്തിയിട്ടും ഇന്നവന് ഞാന് ആരുമല്ല,മകൻെ വിവാഹം അത് ഞാൻ വളരെയേറെ മോഹിച്ചതായിരുന്നു .എന്നാലോ വിവാഹം കഴിഞ്ഞതോടെ അവന് സ്വന്തം അമ്മയെ പോലും തള്ളിപ്പറഞ്ഞു .അവനും അവൻറെ ഭാര്യയും മാത്രമൊതുങ്ങുന്ന  ലോകം അതായിരുന്നു അവൻെറ കാഴ്ചപ്പാട്. അവൾക്കു പുറമേ ഒന്നുമില്ല. അവൾ പറയുന്നതിൽ കൂടുതൽ അവന് മറുവാക്ക് ഇല്ല. അവൻറെ ഭാര്യ അമ്മയെ ക്രൂരമായി പഴിക്കുമ്പോഴും അവന് മിണ്ടാതെ  മാറിനിന്നു .കാലം കടന്നുപോയപ്പോല്

അവളുടെ , ആ അമ്മയുടെ ജീവിതവും മാറിത്തുടങ്ങി .വീട്ടിൽ ഉടമ സ്ഥാനത്തിൽ ഉള്ള അമ്മ ഇന്നൊരു വേലക്കാരിക്കു തുല്യം. പ്രായമേറേ കടന്നു .അവശനിലയിലായി. എന്നിട്ടും തൻറെ മകനും ഭാര്യക്കും സുഖ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നു .അതിനിടയിൽ തന്റെ കാര്യം മറക്കുന്നു. അവൻറെ സന്തോഷത്തിനായി തന്റെ ആരോഗ്യം പോലും ശ്രദ്ധിക്കാതായി. അമ്മയ്ക്ക് തുണയായി ഇന്നവിടെ ആരുമില്ല. അമ്മയെ തനിച്ചാക്കി പുറംലോകത്ത് സന്തോഷം തേടുകയായിരുന്നു അവർ .അമ്മ പട്ടിണിയായി .ഒരിറ്റുവെള്ളം തരാൻ പോലും ആരുമില്ല തനിക്ക്,ഇത്രനാളും മറ്റുള്ളവർക്കുവേണ്ടി കഷ്ടപ്പെട്ടു .എന്നിട്ടും ഇന്ന് ആരാണ് എനിക്ക് ഒരു താങ്ങ്....ആ അമ്മയുടെ മനസ്സ് വല്ലാതെ നൊന്തു. അടക്കാനാവാത്ത ദുഃഖത്തിൽ കണ്ണുകൾ തേങ്ങി... ജീവന് കൂടുതല് അവശനിലയിൽ ആയപ്പോൾ അമ്മ ആശുപത്രി കിടക്കയിലായി . മരണക്കിടക്കയിൽ കിടക്കുന്ന എന്നെ എന്റെ മകൻ ഇനിയെങ്കിലും അവസാനമായി കാണാൻ വരുമോ .....അങ്ങനെയിരിക്കെ ഒരുനാൾ അവർ എത്തി .തന്നെ കാണാന്എത്തിയ ,മകനെ കണ്ട അമ്മയുടെ കണ്ണിലെ വെളിച്ചം കുറച്ചു നേരത്തേക്കു മാത്രം ആയിരുന്നു. ആ അമ്മ പറഞ്ഞു.ഇനി ഈ അമ്മയെ ആര്ക്കുവേണം .മക്കളേ ...ഞാന് നിനക്കാണ് ഇന്നിപ്പോൾ ....അവര് ഒന്നും പറയാതെ അമ്മയോട് ഒന്നും മിണ്ടാതെ മടങ്ങിപ്പോയി. ഇതെല്ലാം ആലോചിച്ചു കൊതിച്ചിരുന്ന വൃദ്ധയുടെ ചുമലിൽ അന്തേവാസികളില് ഒരാൾ കൈവച്ചു വിളിച്ചു. ആ വൃദ്ധ കണ്ണുകൾ തുടച്ചു തിരിഞ്ഞു നോക്കി .അവർ ചോദിച്ചു എന്തായിരുന്നു നീ ആലോചിക്കുന്നത്? പഴയ ഓർമ്മകൾ നിന്നെ ശല്യപ്പെടുത്തുന്നുവോ? വൃദ്ധ ഒന്നും പറഞ്ഞില്ല .,മിണ്ടാതിരിക്കുന്നതെന്താ.? മൗനം ഒന്നിനും പരിഹാരമാവില്ല. മൗനത്തിലാണ് ഓർമകൾക്ക് കൂടുതൽ സ്ഥാനം.

-നന്ദന സി കെ

# വേർപാട്



പഴുത്ത ഇല വീഴുമ്പോൾ പച്ചയില ചിരിക്കേണ്ട എന്നല്ലെ.? ഇന്ന് ആ പഴംചൊല്ല് സത്യമായി മാറുകയാണ്. മക്കൾ ഉപേക്ഷിച്ച ഒരു അമ്മ. വൃദ്ധയായിരുന്നു ആ അമ്മ .അമ്മയോട് ഇത്തിരി പോലും ആ മകൾക്ക് സ്നേഹമുണ്ടായിരുന്നില്ല.അങ്ങനെ ഒരു ദിവസം തൻെറ അമ്മയെ ആ മക്കള് തെരുവിലുപേക്ഷിച്ചു. ഇരുട്ടിൻറെ പേടിയിൽ ചുറ്റും നോക്കി ആ അമ്മ നടന്നു .അപ്പോഴായിരുന്നു ചവിട്ടു കൊട്ടയിൽ നിന്ന് ഒരു കുഞ്ഞിനെ കരച്ചിൽ അമ്മ കേട്ടത് .മനസ്സ് മുഴുവൻ നന്മനിറഞ്ഞ ആ അമ്മ ആ കുഞ്ഞിനെ എടുത്ത് മാറോടുചേർത്തു .അതിൻെറ വിശപ്പടക്കാൻ നാണയം ഒന്നും അമ്മയുടെ കയ്യിലില്ലായിരുന്നു. അങ്ങനെ, ആ അമ്മ ഒരു വൃദ്ധസദനത്തിൽ അഭയം തേടി .അമ്മയുടെ നിഷ്കളങ്കത കണ്ടതോടെ വൃദ്ധസദനത്തിൽ ആ അമ്മയെ കൂടെ കൂട്ടി . അവിടുത്തെ അമ്മമാർക്കും മുത്തശ്ശിമാർക്കും ഉണ്ണിയായി അവൻ വളർന്നു .ആ അമ്മയെ സ്വന്തം അമ്മയായി അവൻ കണ്ടു .തൻറെ ബാല്യം നഷ്ടപ്പെടുത്തിയ അച്ഛനോടും

അമ്മയോടും അവന് ദേഷ്യമായിരുന്നു .എങ്കിലും അവരെ ഒരു നോക്കു കാണാന് അവൻ ആഗ്രഹിച്ചിരുന്നു . ഉണ്ണിയുടെ സ്നേഹത്തോടുള്ള ഒരു വിളി കേൾക്കുമ്പോൾ തന്നെ എല്ലാവരുടെയും മനസ്സ് നിറയും. അവരുടെ ചൂടേറ്റ് അവൻ വളർന്നു .എല്ലാവരെയും രസിപ്പിച്ചും സന്തോഷിപ്പിച്ചും അവൻ അവരുടെ കണ്ണുകളിലെ കൃഷ്ണമണിയായി മാറി. നന്നായി പഠിക്കുമായിരുന്നു ഉണ്ണി .ആ വൃദ്ധസദനത്തിൽ ഒരു രാജകുമാരനായി അവൻ. അങ്ങനെയിരിക്കുമ്പോൾ ആയിരുന്നു അമ്മയും അച്ഛനും വന്നിട്ടുണ്ടെന്ന് അവനറിഞ്ഞത് .നെഞ്ചിടിപ്പോടെ അവൻ ഓടി ഓഫീസിൻറെ വാതിൽക്കൽ നിന്നു. അവനെ കണ്ടതും അമ്മയും അച്ഛനും അവനെ വാരിയെടുത്ത് ഉമ്മ വച്ചു. തൻെറ മകനാണ് ഉണ്ണിയെന്ന് അവർ തെളിയിച്ചു .അമ്മമ്മയുടെ കാതിൽ നിന്ന് ഏറെ ദൂരത്തേക്ക് അമ്മമ്മേ.. എന്നവിളിമാഞ്ഞു. കരച്ചിൽവട്ടു കെട്ടിയ മുഖം കൊണ്ട് എല്ലാവരോടും യാത്ര പറഞ്ഞു .വരുമെന്നൊരു വാക്കു മാത്രം ബാക്കിയായി.കുറേ കാലങ്ങള് കഴിഞ്ഞു .ഉണ്ണി തിരിച്ച് തൻെറ അമ്മമ്മയെ കാണാനായി മടങ്ങി.വൃദ്ധസദനത്തിൻെറ ഓരോ പടികളും ആഹ്ലാദത്തോടെ അവൻ കയറി .എന്നാൽ തൻറെ അമ്മമ്മ എന്നെന്നേക്കുമായി പോയി എന്ന വിവരം കേട്ടതോടെ ഉണ്ണി തളർന്നു .ഒരിക്കൽകൂടി ഉണ്ണി..എന്ന വിളി കേൾക്കാനായി അവൻ ആഗ്രഹിച്ചിരുന്നു.തൻെറ മാതാപിതാക്കളെകാട്ടും സ്നേഹമായിരുന്നു തന്നെ വളർത്തിയ അമ്മമ്മയോട് അവന് ഉണ്ടായിരുന്നത്. ജീവിതത്തിൽ പ്രതീക്ഷിക്കാതെ വരുന്ന അപരിചിതനാണ് മരണം ..

–മാനസി ഭരദ്വാജ്

# കവിതയും പോലീസും

കവിതയുടെ കൈകളിൽ അവർ വിലങ്ങുവയ്ക്കുന്ന

വിരലുകൾ തീനാളങ്ങൾ ആയിമാറി വിലങ്ങൊരുക്കി കളയുന്നു

ലാത്തികൾ ഒന്നൊന്നായി കവിതയെ തല്ലി ചതയ്ക്കാൻ ഒരുങ്ങുന്നു

കവിത വാക്ക് വാക്കായി ചിതറിവീണ്

ലാത്തികളിൽനിന്ന് തെന്നിമാറുന്നു

ബൂട്ടിട്ട കാര്യങ്ങൾ കവിതയുടെ ശിരസ്സിനുമീതെ ഉയരുന്നു

കവിത ഒറ്റവരിയായി ചുരുങ്ങി

വാതിൽപ്പഴുതിലൂടെ പുറത്തുകടക്കുന്നു

അവർ കവിതയെ ഉത്തരത്തിൽ കെട്ടിത്തൂക്കി ഇടുന്നു

കവിത അലയായ് മേൽക്കൂര തുളച്ചു ഉയരുന്നു

കവിതയുടെ തുടയിൽ ചുവടുവെയ്ക്കാൻ അവർ പറയുന്ന ഇരുമ്പായി വരുന്നു

തുടകൾ മഴയായി പെയ്ത് ഇരുമ്പിൻെറഅകം കുളിര്പ്പിക്കുന്നു

തോക്കിൻെറ പാത്തികൾ

കവിതയുടെ കവിള് ചതയ്ക്കാനോങ്ങുന്നു

കവിള് മകുടിയൂതി നോക്കുകളെ താളമൊത്ത തളിക്കുന്നു

ഭയനത്തിൻെറ മീതെ പറന്നിരിക്കുന്നു

വെടിയുണ്ടകൾ കവിതയുടെ ഹൃദയം

തിരിഞ്ഞു ഊരിയെടുക്കുന്നു

ഹൃദയം മഴവില്ലായി മേഘങ്ങൾക്കിടയിൽപാറിയുയരുന്നു

കവിതയുടെ ഉടല് അവർ

ചൂടുവെള്ളത്തിൽ ആയിട്ട് തിളപ്പിക്കുന്നു

ഉടൽ ഒരു തുടിതുടിയായിമാറി  വലിച്ചു ഉള്ളിൽനിന്ന് മുഴങ്ങുന്നു

കവിതയുടെ കണ്ണുകള് ചൂഴ്ന്നെടുക്കാൻ അവർ

കത്തികളുമായി ആടുന്നു

കണ്ണുകൾ സപ്തർഷികൾ ഓടെയാണ്

ആകാശത്തിൽ തിളങ്ങിനിൽക്കുന്നു

**-ആതിത്യന് കെ**


# ഗാന്ധിസ്മരണകളിൽ











# ലഹരിക്കെതിരെ ഒരു കൂട്ടം













# ക്രിസ്തുമസ്-പുതുവത്സര ആഘോഷങ്ങൾ






# സ്കൂൾ-തല കലോത്സവം







# പാനൂർ ഉപജില്ല-കലോത്സവ വിജയികൾ



# കായിക മേള



# LITTLE KITE UNIT
# 2019-2020



ഇ-മാഗസിൻ പണിപ്പുര  ധന്യമായി തീർന്നിരിക്കുന്നു

ഇതിന്റെ സൃഷ്ടിക്കു പിറകിൽ ഞങ്ങൾക്ക് കൂട്ടായി നിന്ന എല്ലാ സുമനസ്സുകളെയും നന്ദിയോടെ സ്മരിക്കുന്നു

ഡിജിറ്റൽ മാഗസിൻ എന്ന ആശയം മുന്നോട്ട് വെച്ച കൈറ്റിന് ഞങ്ങൾ ആദ്യമേ നന്ദി പറയട്ടെ

സൃഷ്ടിനുവേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകിയ കൈറ്റ് മാസ്റ്റർ പവിത്രൻസാർ ,മിസ്ട്രസ് ഷീജ ടീച്ചർ

സ്കൂൾ എസ്ഐ ടി സി മനോജ് സാർ ,

വിദ്യാരംഗം കൺവീനർ ശ്രീവത്സൻ സർ ,

ഹെഡ്മാസ്റ്റർ സുധീന്ദ്രൻ സാർ ,

ഇതിനുവേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകിയ കൈറ്റ് മാസ്റ്റർ പവിത്രൻസാർ ,മിസ്ട്രസ് ഷീജ ടീച്ചർ

സ്കൂൾ എസ്ഐ ടി സി മനോജ് സാർ ,

വിദ്യാരംഗം കൺവീനർ ശ്രീവത്സൻ സർ ,

ഹെഡ്മാസ്റ്റർ സുധീന്ദ്രൻ സാർ ,

എല്ലാവരോടുമുള്ള നന്ദി  ഹൃദയത്തിൽ സൂക്ഷിക്കുന്നു

- എഡിറ്റോറിയൽ ബോർഡ്


Thank You